# വാർധക്യം ശാപമോ?

[ **Malayalam**]

# الشيخوخة –نقمة أم نعمة؟

[ باللغة مليالم ]


ഉസ്മാൻ പാലക്കാഴി

عثمان بالكازي



നിച്ച് ഓഫ് ട്രൂത്ത്, കേരള

جمعية مشكاة الحق – كيرلا – الهند

بسم ا الر ن الرحيم

വൃദ്ധൻ, വൃദ്ധ എന്നീ പദങ്ങൾ കേൾക്കുമ്പോൾ തന്നെ പല യുവതിയുവാക്കളുടെയും നെറ്റി ചുളിയുന്ന കാലമാണിത് എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. വൃദ്ധരായ മാതാപിതാക്കൾ പലർക്കും ഇന്ന് ശാപമാണ്, ഭാരമാണ്, വിഴുപ്പുഭാണ്ടമാണ്. ചുക്കിച്ചുളിഞ്ഞ തൊലിയും കാഴ്ച മങ്ങിയ കണ്ണുകളും ഒട്ടും കേൾക്കാത്ത കാതുകളും 'അൾഷിമേഴ്സ്' എന്ന ഓർമക്കുറവുമൊക്കെയായി ചുമച്ചു തുപ്പി വീട്ടിന്റെയൊരു മൂലയിൽ കൂനിക്കൂടിയിരിക്കുന്ന മനുഷ്യൻ തന്റെ മാതാവോ പിതാവോ ആയാലെന്ത്...അവല ക്ഷണമല്ലേ?! ആ നാശംപിടിച്ച ജന്തുവിനെ വീട്ടിൽ നിന്നിറക്കി വീടു 'ക്ലീൻ' ആക്കുവാൻ എന്തുണ്ട് മാർഗ്ഗം? അതു ചിന്തിച്ച് തല പുണ്ണാക്കേണ്ട! അതിനാണ് വൃദ്ധസദനങ്ങൾ. അവിടെ അവരെ കൊണ്ടുപോയി തള്ളാം. മാസാമാസം നടത്തിപ്പുകാർക്ക്, നിശ്ചയിക്കപ്പെട്ട തുക അയച്ചു കൊടുത്താൽ മതി. മരിച്ചാൽ അവർ വിവരമറിയിക്കും. വേണമെങ്കിൽ പോയി കാണാം. എന്തൊരു സൌകര്യം, അല്ലേ!

സ്നേഹമസൃണമായ പെരുമാറ്റവുംവാത്സല്യത്തിന്റെ ഊ ഷ്മള സ്പർശവും അനിവാര്യമായ ഘട്ടത്തിൽ മക്കളിൽ നിന്ന് അവഗണനയും പരിഹാസവും മാത്രം ലഭിക്കുന്ന മാതാപിതാക്കളുടെ നെഞ്ചിന്റെയുള്ളിലെ വേദന വിവരണാ തീതമാണ്. തന്നെ പെറ്റു വളർത്തിയ മാതാവ്; തനിക്കു വേണ്ടി ആരോഗ്യവും ആയുസ്സും വിനിയോഗിച്ച് തന്നെ ഉന്നതനിലയിലെത്തിച്ച പിതാവ്; അവരെ ചവിട്ടിപ്പുറത്താ ക്കുന്ന സന്താനം ചെയ്യുന്നത് എന്തുമാത്രം വലിയ പാതകമല്ല!

മാതാപിതാക്കളോടുള്ള കടമകളെ ഇസ്ലാം വളരെ ഗൌരവ കരമായാണ് കാണുന്നത്. അതിൽ വീഴ്ച വരുത്തുന്നവർക്ക് നാശമാണ് എന്ന് പറഞ്ഞ പ്രവാചകൻ, അവരോടുള്ള കടമകൾ നിറവേറ്റുന്നത് സ്വർഗ പ്രവേശം സുസാധ്യമാക്കും എന്ന് കൂടി നമ്മെ പഠിപ്പിക്കുന്നു.

മാതാപിതാക്കൾക്ക് നന്മ ചെയ്യണം എന്ന് മാത്രമല്ല, അവരോടുള്ള സംസാരവും പെരുമാറ്റവും എല്ലാം മാന്യ മായ നിലയിലായിരിക്കണ മെന്നും ഇസ്ലാം നിഷ്കർഷി ക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: "തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാ പിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിന്റെയടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോടു നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോടു നീ മാന്യമായ വാക്കു പറയുകയും ചെയ്യുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവരിരുവക്കും താഴ്ത്തി ക്കൊ ടുക്കുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോ ലെ ഇവരോടു നീ കരുണ കാണിക്കേണമേ എന്ന് നീ പ്രാർഥിക്കുകയും ചെയ്യുക" (17: 23,24).

മാതാപിതാക്കൾ അന്യ മതക്കാർ ആണെങ്കിലും ആദർശ വിശുദ്ധി കാത്തുസൂക്ഷിച്ചുകൊണ്ട് അവരോ ടുള്ള കടമകൾ നിറവേറ്റണം എന്നും വൃദ്ധരായ മാതാ പിതാക്കൾക്ക് ചെയ്യുന്ന സേവനം ദൈവമാർഗ ത്തിലുള്ള പലായനത്തേക്കാളും ധർമസമരത്തേക്കാളും ഉത്തമമാണെന്നും അവരുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തിയെന്നും അവരുടെ കോപ ത്തിലാണ് അല്ലാഹുവിന്റെ കോപമെന്നും കാരുണ്യ ത്തിന്റെ മതമായ ഇസ്ലാം വ്യക്തമാക്കുന്നു.

ഒരു മനുഷ്യൻ പ്രവാചകസിധിയിൽ വന്ന് കൊണ്ട് 'എന്റെ മെച്ചപ്പെട്ട' സഹവാസത്തിന് ഏറ്റവും അർഹൻ ആരാണെന്ന് ചോദിച്ചപ്പോൾ പ്രവാചകന്റെ (സ) മറുപടി 'നിന്റെ മാതാവ്' എന്നായിരുന്നു. മൂന്നു തവണ ആവർത്തിച്ചു ചോദിച്ചപ്പോഴും ഇതായിരുന്നു മറുപടി. നാലാം തവണ ചോദിച്ചപ്പോഴാണ് 'നിന്റെ പിതാവ്' എന്ന് മറുപടി പറഞ്ഞത്. നൊന്തുപ്രസവിച്ചു വളർത്തിയ മാതാവിനോട് കൂടുതൽ കടപ്പാടുണ്ടെന്ന്

ഇത് വ്യക്തമാക്കുന്നു. പിതാക്കളോട് വെറുപ്പു കാണിക്കുന്നത് നന്ദികേടാണ് എന്നും നബി(സ) മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

വാർധക്യം തന്നെയും പിടികൂടുമെന്ന ചിന്തയെങ്കിലുമുള്ളവർ വൃദ്ധരായ മാതാപിതാക്കളെ വെറുക്കില്ല, തീർച്ച.

മുസ്ലിം അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ)പറഞ്ഞു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗം നേടാൻ സാധിക്കാത്തവന് നാശം! അവന് നാശം! അവന് നാശം!"

وصلى الله وسلم على نبينا محمد وآله وصحبه أجمعين.

************